"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിന് അധികമായി ചിലവായ തുക, ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുപ്പിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി സി) വകുപ്പ്**

സ.ഉ.(സാധാ) നം.1901/2025/LSGD തീയതി,തിരുവനന്തപുരം, 01-08-2025

---

പരാമർശം:-
1. 19.02/2024 ലെ സ.ഉ(സാധാ)405/2024/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്.
2. 16/06/2025 ലെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/43189/2024-DPLC2 നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിൽ കുടിവെള്ള ക്ഷാമം രൂക്ഷമായ 18 വാർഡുകളിൽ 25.03.2024 മുതൽ 20.05.2024 വരെ ടാങ്കറിൽ കുടിവെള്ളം വിതരണം നടത്തിയതിന് ആകെ 18,76,952/ രൂപ ചെലവ് വന്നിട്ടുണ്ടെന്നു ഏഴംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 25.03.2024 മുതൽ 20.05.2024 വരെ കിലോമീറ്ററിന് 64 രൂപ നിരക്കിൽ കുടിവെള്ളം വിതരണം നടത്തിയതിന് കരാറുകാരന് ചെലവായ 16,86,399/- രൂപയിൽ 13,52,207/- രൂപ കരാറുകാരന് നൽകിയിട്ടുണ്ടെന്നും ബാക്കി നൽകുവാനുള്ള തുകയായ 3,34,192/- രൂപയും വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച കുടിവെള്ളത്തിനു കിലോലിറ്ററിന് 76.15 രൂപ നിരക്കിൽ 2502.34 ലിറ്റർ കുടിവെള്ളത്തിനു 1,90,553/- രൂപയും ചേർത്ത് ആകെ 5,24,745/- രൂപ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതിക്കായി ഏഴംകുളം ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം, കരാർ ഉടമ്പടികൾ, കേരള വാട്ടർ അതോറിറ്റിക്ക് നൽകാനുള്ള ബിൽ സംബന്ധിച്ച കത്ത്, വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്, ജി.പി.എസ് രേഖകൾ എന്നിവ സഹിതം പത്തനംതിട്ട ജില്ലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും ലഭ്യമാക്കിയ മറ്റു അനുബന്ധ രേഖകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവിൽ അധികമായി ചെലവായ 5,24,745/-(അഞ്ച് ലക്ഷത്തി ഇരുപതിനാലായിരത്തി എഴുനൂറ്റി നാൽപ്പത്തിയഞ്ച് രൂപ മാത്രം) രൂപ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതിക്കായി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് .

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശിത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിൽ 01.04.2024 മുതൽ 20.05.2024 വരെ കുടിവെള്ള വിതരണത്തിന് സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചതിൽ അധികമായി ചിലവായ 5,24,745/- (അഞ്ച് ലക്ഷത്തി ഇരുപതിനാലായിരത്തി എഴുനൂറ്റി നാൽപ്പത്തിയഞ്ച് രൂപ മാത്രം) രൂപ, ചിലവ് ആധികാരികത ഏഴംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പാകേണ്ടതാണെന്ന നിബന്ധനയോടെയും പരാമർശിത ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും തുക ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് ഏഴംകുളം ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്:
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി,ഏഴംകുളം ഗ്രാമ പഞ്ചായത്ത് , പത്തനംതിട്ട.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ് 1/ആഡിറ്റ് 2,കേരള, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ/ഓഫിസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shaija R M
സെക്ഷൻ ഓഫീസർ
Date: 01-08-2025 16:31:04